**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 543 — 5.7.2013 ൽ മറുപടിയ്ക്ക്

## അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. കെ.വി.വിജയദാസ് :<br>ശ്രീമതി. കെ.കെ.ലതിക : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടില്ല എന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ ; | എ) സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം അരിവില വർദ്ധനവ് ഒരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) റേഷനരി വിഹിതം വെട്ടിക്കുറച്ചതും പൊതുവിതരണത്തിലെ പാളിച്ചകളും വൻതോതിൽ നടക്കുന്ന കരിഞ്ചന്തയും പൂഴ്ത്തിവെയ്പുമാണ് വിലവർദ്ധനവിന് പ്രധാനകാരണമെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | ബി) ഉണ്ട്. ബി.പി.എൽ വിഭാഗങ്ങൾക്ക് അഡ് ഹോക്ക് വിഹിതം 2013-14 വർഷത്തിൽ അനുവദിച്ചിട്ടില്ല. എ.പി.എൽ വിഭാഗത്തിന് അഡ് ഹോക്ക് വിഹിതം ലഭിക്കാത്തതിനാൽ ഏപ്രിൽ, മേയ് മാസങ്ങളിൽ 6 കിലോ അരിയും, 1 കിലോ ഗോതമ്പും മാത്രമേ വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. എന്നാൽ പിൽക്കാലം എ.പി.എൽ വിഭാഗത്തിന് അഡ് ഹോക്ക് വിഹിതം ലഭിച്ചതിനാൽ ജൂൺ മുതൽ 9 കിലോ അരിയും 3 കിലോ ഗോതമ്പുമായി വർദ്ധിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബി.പി.എൽ /എ.എ.വൈ കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 കി. ഗ്രാം, 35 കി.ഗ്രാം എന്ന കണക്കിൽ അരി ഒരു രൂപ നിരക്കിൽ വിതരണം ചെയ്തു വരുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും എ.പി.എൽ സബ്സിഡി വിഭാഗത്തിൽപ്പെട്ടവർക്ക് 2 രൂപ നിരക്കിൽ 9 കി. ഗ്രാം അരിയും നൽകി വരുന്നു. കൂടാതെ സപ്ലൈകോയുടെ വിതരണശാലകൾ വഴി സബ്സിഡി നിരക്കിൽ വിവിധയിനം അരി കാർഡ് ഒന്നിന് പ്രതിമാസം 20 കി.ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.<br>കരിഞ്ചന്ത, പൂഴ്ത്തിവെയ്പ് മുതലായവ നടത്തി ഭക്ഷ്യവസ്തുക്കൾക്ക് കൃത്രിമ ക്ഷാമം സൃഷ്ടിക്കുന്നതിനെതിരെ സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ എ.ആർ.ഡി / എ.ഡബ്ലിയു.ഡികൾ നിരന്തരം പരിശോധിക്കുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. |

അവശ്യ സാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| സി) | അരിവില വർദ്ധനവ് തടയുന്നതിന് മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച അരിക്കട പദ്ധതി ഇന്ന് നിലവിലുണ്ടോ; ഇതിലൂടെയുള്ള അരിവിതരണം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | സി) | പൊതുവിപണിയിൽ അരിയുടെ വില നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുള്ള അരിക്കട പദ്ധതി കാര്യക്ഷമമായി തുടർന്നു വരുന്നുണ്ട്. ഈ പദ്ധതിയിലൂടെ മട്ട , ജയ , കുറുവ , പച്ചരി എന്നീ അരി ഇനങ്ങൾ യഥാക്രമം 16 രൂപ, 21 രൂപ. 19 രൂപ, 16 രൂപ എന്നീ നിരക്കിൽ സപ്ലൈകോ വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം വിതരണം നടത്തുക വഴി സാധാരണക്കാരായ ജനങ്ങൾക്ക് ആവശ്യമായ അരി വളരെ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ